2024 AUGUST 02 FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## 30ന് കേരളത്തിന് റെഡ് അലർട്ട് നൽകിയിരുന്നു: കാലാവസ്ഥാ ഡയറക്റ്റർ

**ന്യൂഡൽഹി:** പടിഞ്ഞാറൻ തീരത്തിന് കൃത്യമായി മഴ മുന്നറിയിപ്പുകൾ നൽകിയിരുന്നെന്നു കാലാവസ്ഥാ വിഭാഗം ഡയറക്റ്റർ മൃത്യുഞ്ജയ് മഹാപാത്ര. വയനാട്ടിൽ ദുരന്തമുണ്ടായ 30ന് കേരളത്തിന് റെഡ് അലർട്ട് നൽകിയതാണെന്നും അദ്ദേഹം.

കേരളത്തിനു മുന്നറിയിപ്പു നൽകിയെങ്കിലും തയാറെടുപ്പുകൾ നടത്തിയില്ലെന്ന കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ വെളിപ്പെടുത്തൽ മുഖ്യമന്ത്രി പിണറായി വിജയൻ തള്ളിയിരുന്നു. ഉരുൾപൊട്ടലുണ്ടായ വയനാട് അടക്കം മേഖയിൽ ഓറഞ്ച് അലർട്ട് മാത്രമാണു നൽകിയതെന്നും വിജയൻ അവകാശപ്പെട്ടിരുന്നു. ഇതിനു പിന്നാലെയാണ് നൽകിയതു റെഡ് അലർട്ട് തന്നെയെന്ന് കാലാവസ്ഥാ വിഭാഗം മേധാവിയുടെ വിശദീകരണം.

പടിഞ്ഞാറൻ തീരത്ത് ജൂലൈ 18 മുതൽ 25 വരെ തീവ്ര മഴ പ്രവചിച്ചിരുന്നു. ഇതു തുടരുമെന്നു പിന്നീട് അറിയിച്ചു. ജൂലൈ 25ന് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇത് 29 വരെ തുടരുമെന്നു മുന്നറിയിപ്പ് നൽരിയിരുന്നു. 29ന് ഓറഞ്ച് അലർട്ടും 30ന് പുലർച്ചെ 20 സെൻറിമീറ്ററിനു മുകളിലുള്ള അതിതീവ്ര മഴ സൂചിപ്പിക്കുന്ന റെഡ് അലർട്ടും പ്രഖ്യാപിച്ചെന്ന് മഹാപാത്ര ഓൺലൈൻ പത്രസമ്മേളനത്തിൽ പറഞ്ഞു. തുടർച്ചയായ മഴയ്ക്ക് കേരളം സാക്ഷ്യം വഹിച്ചിരുന്നു. ഈ മഴവെള്ളം സംഭരിക്കപ്പെടുന്നതാണ് ഉരുൾപൊട്ടലിലേക്ക് നയിക്കുന്നത്.

ഓറഞ്ച് അലർട്ട് എന്നാൽ, ദുരന്തത്തിനു തയാറെടുക്കേണ്ട ഘട്ടമാണ്. റെഡ്ഡ് അലർട്ടിനു വേണ്ടി കാത്തിരിക്കുകയല്ല വേണ്ടത്. ഹിമാചൽ പ്രദേശിനും ഉത്തരാഖണ്ഡിനും സമാനമായ മുന്നറിയിപ്പ് നൽകിയിരുന്നു. ഹിമാചൽ പ്രദേശിൽ മേഘ വിസ്ഫോടനത്തെത്തുടർന്ന് രണ്ടു വ്യത്യസ്ത സംഭവങ്ങളിലായി 3 പേർ മരിച്ചു. 40 പേരെ കാണാതായി. നിരവധി വീടുകൾ തകർന്നു. രണ്ടു ജലവൈദ്യുത പദ്ധതികൾക്കും തകരാറുണ്ട്.

# ഉത്തരേന്ത്യയിൽ കനത്ത മഴ തുടരുന്നു; 32 മരണം

**ന്യൂഡൽഹി :** ഉത്തരേന്ത്യയിൽ ശക്തമായ മഴയിൽ 32 പേർക്ക് ജീവൻ നഷ്ടമായി. ഉത്തരാഖണ്ഡിൽ മാത്രമായി 12 പേർ മരിച്ചു. മഴക്കെടുതി തുടരുന്നതിനാൽ കേദാർനാഥിലേക്കുള്ള യാത്ര താത്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു.

കേദാർനാഥിലേക്കുള്ള തീർഥാടക പാതയിലടക്കം കുടുങ്ങിയവരെ ഹെലികോപ്റ്ററിൽ സുരക്ഷിത ഇടങ്ങളിലേക്ക് മാറ്റി. ഡൽഹിയിൽ കഴിഞ്ഞ ദിവസം രാത്രിയുണ്ടായ കനത്ത മഴയിൽ മരിച്ചവരുടെ എണ്ണം പത്തായി. . നിരവധി പേർ പരിക്കേറ്റ് ചികിത്സയിലാണ്.



ഇന്ന് റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഡൽഹിയിൽ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. ഹിമാചൽ പ്രദേശിൽ മൂന്ന് ഇടങ്ങളിലായുണ്ടായ മേഘ വിസ്ഫോടനത്തിൽ നാല് പേർക്കാണ് ജീവൻ നഷ്ടമായത്. ഷിംലയിൽ അമ്പതിലധികം പേരെ കാണാതായി. മണാലിയിലേക്കുള്ള റോഡ് തകർന്ന് മേഖല ഒറ്റപ്പെട്ടു. രക്ഷാപ്രവർത്തനത്തിനായി സൈന്യത്തെ അയക്കണമെന്ന് കേന്ദ്രത്തോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

# ഹമാസ് സൈനിക തലവൻ മുഹമ്മദ് ദെയ്ഫിനെ വധിച്ച് ഇസ്രയേൽ

**ജറുസലേം:** ഹമാസ് ഭീകരനും ഒക്ടോബർ ഏഴിലെ ആക്രമണത്തിന്റെ സൂത്രധാരനുമായ മുഹമ്മദ് ദെയ്ഫിനെ വധിച്ചെന്ന് ഇസ്രയേലിന്റെ സ്ഥിരീകരണം. ജൂലൈയിൽ ഗാസയിൽ നടത്തിയ വ്യോമാക്രമണത്തിലാണു ദെയ്ഫ് കൊല്ലപ്പെട്ടതെന്ന് ഇസ്രയേൽ അറിയിച്ചു. ജൂലൈ 13 ന് തെക്കൻ ഗാസ നഗരമായ ഖാൻ യൂനിസിന്റെ പ്രാന്തപ്രദേശത്തുണ്ടായ ആക്രമണത്തിലാണു ദെയ്ഫിനെ വധിച്ചതെന്ന് ഇസ്രയേൽ സൈന്യമായ ഐഡിഎഫ് (ഇസ്രയേലി ഡിഫൻസ് ഫോഴ്സ്) അറിയിച്ചു.

ജൂലൈയിലെ ആക്രമണത്തിൽ സാധാരണക്കാർ ഉൾപ്പെടെ 90ലധികം പേർ കൊല്ലപ്പെട്ടുവെന്നായിരുന്നു അന്ന് ഗാസ ആരോഗ്യ വിഭാഗം പറഞ്ഞിരുന്നത്. ഇതിന് പിന്നാലെ ഇന്റലിജൻസ് വിഭാഗത്തിന്റെ അന്വേഷണത്തെത്തുടർന്നാണ് ദെയ്ഫിന്റെ മരണവും സ്ഥിരീകരിക്കുന്നത്.

1990 കളിൽ ഹമാസിന്റെ ഭീകര സൈനിക വിഭാഗമായ ഖസ്സാം ബ്രിഗേഡിന്റെ സ്ഥാപകരിലൊരാളായിരുന്നു മുഹമദ് ദെയ്ഫ്. ദശാബ്ദങ്ങളോളം ഖസ്സാം ബ്രിഗേഡ് യൂണിറ്റിനെ ദെയ്ഫ് നയിച്ചു. ദെയ്ഫിന്റെ നേതൃത്വത്തിൽ നിരവധി ചാവേർ ബോംബാക്രമണങ്ങളാണ് ഹമാസ് ഇസ്രയേലിനെതിരെ നടത്തിയത്. ഇസ്രയേലിലേക്ക് അയക്കാൻ കഴിയുന്ന റോക്കറ്റുകളുടെ ശേഖരം ഹമാസ് സൈനിക വിഭാഗം സ്വരൂപിച്ചതും ദെയ്ഫിന്റെ കാലഘട്ടത്തിലായിരുന്നു. കഴിഞ്ഞ വർഷം ഒക്ടോബർ 7ന് തെക്കൻ ഇസ്രയേലിൽ ഹമാസ് നടത്തിയ ആക്രമണത്തിന്റെ മുഖ്യസൂത്രധാരൻ ഇയാളാണ്. ഇതേത്തുടർന്നാണ് ഗാസയിൽ ഇസ്രയേൽ യുദ്ധം ആരംഭിച്ചത്.

അതിനിടെ ഹമാസ് ഭീകരൻ ഇസ്മായിൽ ഹനിയയുടെ വധത്തിന് പിന്നാലെ ഇസ്രയേലിനെ നേരിട്ട് ആക്രമിക്കാൻ ആയത്തുല്ല അലി ഖമനയി ഉത്തരവിട്ടതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. ബുധനാഴ്ച രാവിലെ ഇറാന്റെ ദേശീയ സുരക്ഷാ കൗൺസിലിന്റെ അടിയന്തര യോഗത്തിലാണ് ഖമനയി ആക്രമണത്തിന് ഉത്തരവിട്ടതെന്നാണു വിവരം.

# ഇന്ധന വില ഉയർത്താനൊരുങ്ങി എണ്ണക്കമ്പനികൾ

**കൊച്ചി:** റിഫൈനിങ് മാർജിനിലെ കനത്ത ഇടിവ് മറികടക്കാൻ പെട്രോൾ, ഡീസൽ എന്നിവയുടെ വില വർധിപ്പിക്കാൻ പൊതുമേഖലാ എണ്ണക്കമ്പനികൾ സമ്മർദ്ദം ശക്തമാക്കുന്നു. ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മൂന്ന് മാസത്തിൽ പൊതുമേഖലാ എണ്ണക്കമ്പനികളുടെ ലാഭം 31,144 കോടിയിൽ നിന്ന് 7,200 കോടി രൂപയിലേക്ക് ഇടിഞ്ഞിരുന്നു.

പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി പെട്രോൾ, ഡീസൽ എന്നിവയുടെ വില ലിറ്ററിന് 2 രൂപ വീതം കുറച്ചതും കമ്പനികൾക്ക് അധിക ബാധ്യത സൃഷ്ടിക്കുകയാണ്. പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷം ശക്തമായതിനാൽ ക്രൂഡോയിൽ വില ബാരലിന് 80 ഡോളറിന് മുകളിൽ തുടരുന്നതാണ് മറ്റൊരു വെല്ലുവിളി. ഇതോടൊപ്പം രൂപയുടെ മൂല്യയിടിവ് ഇറക്കുമതി ചെലവും വർധിപ്പിച്ചു.

ഐഒസിയുടെ റിഫൈനിങ് മാർജിൻ (ഉത്പാദന ചെലവും വില്പന വിലയും തമ്മിലുള്ള അന്തരം) ഇത്തവണ 6.39 ഡോളറായാണ് താഴ്ന്നത്. മുൻവർഷം ജൂണിൽ മാർജിൻ 8.34 ഡോളറായിരുന്നു. ഹിന്ദുസ്ഥാൻ പെട്രോളിയത്തിൻറെ മാർജിൻ 7.44 ഡോളറിൽ നിന്ന് 5.03 ഡോളറായി താഴ്ന്നു. ഈ പ്രതികൂല സാഹചര്യം മറികടക്കാൻ ഇന്ധന വില വർധിപ്പിക്കാതെ മാർഗമില്ലെന്ന് കമ്പനികൾ പറയുന്നു.

നടപ്പുസാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ പ്രമുഖ കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (ഐഒസി), ഭാരത് പെട്രോളിയം കോർപ്പറേഷൻ (ബിപിസിഎൽ), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ(എച്ച്പിസിഎൽ) എന്നിവയുടെ അറ്റാദായത്തിൽ 70 മുതൽ 93 ശതമാനം വരെ ഇടിവുണ്ടായി. രാജ്യാന്തര വിപണിക്ക് ആനുപാതികമായി പെട്രോൾ, ഡീസൽ വിലയിൽ മാറ്റം വരുത്താതിരുന്നതിനാൽ റിഫൈനിങ് മാർജിൻ കുറഞ്ഞതാണ് കമ്പനികൾക്ക് വിനയായത്.

രാജ്യത്തെ ഏറ്റവും വലിയ എണ്ണക്കമ്പനിയായ ഐഒസിയുടെ അറ്റാദായം ഇക്കാലയളവിൽ 75 ശതമാനം ഇടിഞ്ഞ് 3,722. 63 കോടി രൂപയിലെത്തി. മുൻവർഷം ഇക്കാലയളവിൽ 14,735.30 കോടി രൂപയായിരുന്നു അറ്റാദായം. ഇന്ധന വില്പനയിൽ നിന്നുള്ള വരുമാനം മൂന്ന് ശതമാനം കുറഞ്ഞ് 2.19 ലക്ഷം കോടി രൂപയായി.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# നെഹ്‌റു ട്രോഫി വള്ളംകളി ആഘോഷങ്ങൾ ഒഴിവാക്കി മത്സരം നടത്താൻ ആലോചന



**ആലപ്പുഴ:** വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കി നെഹ്‌റു ട്രോഫി വള്ളംകളി മത്സരം നടത്താൻ ആലോചന. കലക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗത്തിലാണു സാംസ്കാരിക ഘോഷയാത്ര ഉൾപ്പെടെ ആഘോഷങ്ങളെല്ലാം ഒഴിവാക്കി 10ന് തന്നെ മത്സരം നടത്താനുള്ള നിർദേശം ഉയർന്നത്. വള്ളംകളി മറ്റൊരു തീയതിയിലേക്കു മാറ്റണമെന്ന അഭിപ്രായവും ഉണ്ടായി. ചർച്ചയുടെ വിശദാംശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി തീരുമാനമെടുക്കുമെന്നു കലക്ടർ അറിയിച്ചു.

പ്രകൃതിദുരന്തം കണക്കിലെടുത്ത് വള്ളംകളി നീട്ടിവയ്ക്കണമെന്നു കെ.സി. വേണുഗോപാൽ എംപിയുടെ പ്രതിനിധിയായി പങ്കെടുത്ത കെപിസിസി ജനറൽ സെക്രട്ടറി എ.എ.ഷുക്കൂർ ആവശ്യപ്പെട്ടു. എന്നാൽ തയാറെടുക്കുന്ന ക്ലബ്ബുകൾക്കും വള്ളസമിതികൾക്കും ഭാരിച്ച നഷ്ടമുണ്ടാകുമെന്നും അതിനാൽ ആഘോഷങ്ങൾ ഒഴിവാക്കി മത്സരം മാത്രമാക്കാമെന്നും ക്ലബ്ബുകളുടെ പ്രതിനിധികൾ പറഞ്ഞു. നീട്ടിവയ്ക്കുന്നെങ്കിൽ ഇന്നു തന്നെ അറിയിക്കണമെന്നും ഓരോ ദിവസവും പരിശീലനം, തുഴച്ചിലുകാരുടെ വേതനം, ഭക്ഷണം, താമസം ഇനങ്ങളിലായി ഒരു ലക്ഷത്തിലേറെ രൂപയുടെ ചെലവുണ്ടെന്നും അവർ പറഞ്ഞു. വള്ളംകളി മാറ്റിവയ്ക്കുകയാണെങ്കിൽ ക്ലബ്ബുകൾക്കു നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം വീണ്ടും ഉന്നയിച്ചു.

അടുത്ത സീസൺ മുതൽ നെഹ്‌റു ട്രോഫി വള്ളംകളി തീയതി ഓഗസ്റ്റിലെ രണ്ടാം ശനിയാഴ്ചയിൽ നിന്നു നവംബറിലേക്കു മാറ്റണമെന്നു ക്ലബ്, വള്ളസമിതി ഭാരവാഹികൾ ആവശ്യപ്പെട്ടു. 1955 മുതൽ ഓഗസ്റ്റിലെ രണ്ടാം ശനിയാഴ്ചയാണു മത്സരം നടത്തുന്നത്. 2002 ലെ കുമരകം ബോട്ട് ദുരന്തം, 2018ലെ പ്രളയം എന്നീ സന്ദർഭങ്ങളിൽ തീയതി മാറ്റിയിട്ടുണ്ട്.2018 ന് ശേഷം എല്ലാ വർഷവും ഓഗസ്റ്റിൽ കനത്ത മഴയാണ്. കഴിഞ്ഞ വർഷം, ഉദ്ഘാടനം നിർവഹിക്കേണ്ട മുഖ്യമന്ത്രിക്കു കനത്ത മഴ മൂലം ഇവിടെ എത്താൻ കഴിഞ്ഞിരുന്നില്ല. കഴിയുമെങ്കിൽ ശിശുദിനത്തിൽ നടത്തണമെന്നാണ് ആവശ്യം. മുൻപും ഈ ആവശ്യം ഉയർന്നിട്ടുണ്ടെങ്കിലും ടൂറിസം കലണ്ടറിനെ ബാധിക്കുമെന്നാണു ബന്ധപ്പെട്ടവരുടെ വാദം.

നെഹ്‌റു ട്രോഫി നേടുന്ന ചുണ്ടൻ വള്ളത്തിന്റെ ഒന്നാം തുഴക്കാരനു 4 ലക്ഷം രൂപ വിലയുള്ള ഇലക്ട്രിക് ഓട്ടോറിക്ഷ സമ്മാനം. പാതിരപ്പള്ളിയിലെ ട്രിപ്പിൾ എ മോട്ടോഴ്സാണ് നെഹ്‌റു ട്രോഫി വള്ളംകളിയോടനുബന്ധിച്ച് ആദ്യമായി ഇങ്ങനൊരു സമ്മാനം ഏർപ്പെടുത്തുന്നത്.

കലക്ടർ അനുവദിച്ചാൽ വള്ളംകളി ദിവസം വിശിഷ്ടാതിഥികളുടെ സാന്നിധ്യത്തിൽ താക്കോൽ സമ്മാനിക്കുമെന്നും ഓഗസ്റ്റ് 17 ന് ഓട്ടോറിക്ഷ കൈമാറുമെന്നും ട്രിപ്പിൾ എ മോട്ടോഴ്സ് എജിഎം: ആർ.മനോജ് കുമാർ, ജനറൽ മാനേജർ പി.പി. ജയ്മൽ കുമാർ, പിആർഒ: ബെയ്സൽ ജോസഫ് എന്നിവർ പറഞ്ഞു.

# വീണ്ടും വന്ദേഭാരത്; എറണാകുളംബെംഗളൂരു സ്പെഷൽ സർവീസ് ആരംഭിച്ചു




**കൊച്ചി:** അനിശ്ചിതത്വങ്ങൾക്കൊടുവിൽ എറണാകുളം, ബെംഗളൂരു വന്ദേഭാരത് എക്സ്പ്രസ് സ്പെഷൽ സർവീസ് ആരംഭിച്ചു. എറണാകുളം ജങ്ഷൻ (സൗത്ത്) റെയിൽവേ സ്റ്റേഷനിൽനിന്ന് ഇന്നലെ ഉച്ചയ്ക്ക് 12.50നാണു ട്രെയിൻ പുറപ്പെട്ടത്. സ്പെഷൽ ട്രെയിൻ ആയതിനാൽ ഫ്ലാഗ് ഓഫ് ചടങ്ങുകൾ ഇല്ലായിരുന്നു. ബെംഗളൂരുവിൽനിന്ന് എറണാകുളത്തേക്കുള്ള സർവീസിന്റെ നിർത്തിവച്ചിരുന്ന ബുക്കിങ്ങും ആരംഭിച്ചിട്ടുണ്ട്. എറണാകുളത്തുനിന്ന് ഓഗസ്റ്റ് 4നു ശേഷമുള്ള ബുക്കിങ്ങും ആരംഭിച്ചു.

ബെംഗളൂരുവിൽനിന്ന് പുറപ്പെടുന്ന സമയവും ട്രെയിൻ അവിടെ എത്തുന്ന സമയവും യാത്രക്കാരുടെ സൗകര്യം പരിഗണിക്കാതെയാണെന്ന പരാതി ഉയർന്നിട്ടുണ്ട്. എറണാകുളത്തുനിന്ന് ബെംഗളൂരു കന്റോൺമെന്റ് സ്റ്റേഷനിലേക്കും തിരികെയും ആഴ്ചയിൽ മൂന്നു ദിവസം വീതമാണ് സർവീസ്. ഓഗസ്റ്റ് 25 വരെയാണു സ്പെഷൽ സർവീസായി വന്ദേഭാരത് ഓടിക്കുക. എറണാകുളത്തുനിന്നു ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിൽ ഉച്ചയ്ക്ക് 12.50നാണു സർവീസ്.

ഐആർസിടിസി ആപ് പ്രകാരം ചെയർ കാർ നിരക്ക് 1465 രൂപയും എക്സിക്യൂട്ടീവ് ചെയർ കാർ നിരക്ക് 2945 രൂപയുമാണ്. ബെംഗളൂരു കന്റോൺമെന്റ് എത്തുന്നതിനു മുമ്പായി നഗരത്തിൽ തന്നെയുള്ള കെ.ആർ.പുരം സ്റ്റേഷനിൽ പുതുതായി സ്റ്റോപ് അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ട്രെയിൻ രാത്രി 9ന് കെ.ആർ.പുരത്തും 10ന് ബെംഗളൂരു കന്റോൺമെന്റിലും എത്തും. തൃശൂർ, പാലക്കാട്, പോത്തന്നൂർ, തിരുപ്പൂർ, ഈറോഡ്, സേലം, കെ.ആർ.പുരം എന്നിവയാണ് കന്റോൺമെന്റ് എത്തുന്നതിനു മുമ്പുള്ള സ്റ്റോപ്പുകൾ.

ബെംഗളൂരുവിൽനിന്ന് തിരികെയുള്ള സർവീസ് ഓഗസ്റ്റ് 1 മുതൽ 26 വരെയാണു നിശ്ചയിച്ചിട്ടുള്ളത്. വ്യാഴം, ശനി, തിങ്കൾ ദിവസങ്ങളിലാകും സർവീസ്. ബെംഗളൂരുവിൽനിന്നു രാവിലെ 5.30നു തിരിച്ച് ഉച്ചയ്ക്കു 2.20നാണ് എറണാകുളത്ത് എത്തുന്നത്. എറണാകുളത്തുനിന്നു പുറപ്പെടുന്നതും തിരികെ എത്തുന്ന സമയവും ബുദ്ധിമുട്ടില്ലാത്തതാണ്. എന്നാൽ ബെംഗളൂരുവിലെ തിരക്ക് പരിഗണിക്കുമ്പോൾ ട്രെയിൻ പുറപ്പെടുന്നത് ഏതാനും മണിക്കൂറുകൾ കൂടി നീട്ടണമെന്ന ആവശ്യമാണ് ഉയരുന്നത്. 6.20ന് പുറപ്പെടുന്ന ഇന്റർസിറ്റി എക്സ്പ്രസ് കഴിഞ്ഞാൽ പിന്നെ ഉച്ചകഴിഞ്ഞ് 3.20ന് പുറപ്പെടുന്ന ട്രെയിൻ മാത്രമാണ് ബെംഗളൂരുവിൽ നിന്നുള്ളത്.

ഈ സാഹചര്യത്തിൽ ബെംഗളൂരുവിൽ നിന്ന് പുറപ്പെടുന്ന സമയം രാവിലെ 9 മണിക്കെങ്കിലും ആക്കണമെന്ന ആവശ്യമാണ് ഉയർന്നിട്ടുള്ളത്. മാത്രമല്ല, രാത്രി 10നു പകരം ബെംഗളൂരുവിൽ വൈകിട്ട് എത്തിച്ചേരുന്ന നിലയിലേക്ക് എറണാകുളത്തുനിന്ന് പുറപ്പെടണമെന്ന ആവശ്യം ഉയരുന്നുണ്ട്. കേരളത്തിൽനിന്നു തിരക്കേറിയുള്ള ബെംഗളൂരുവിലേക്കുള്ള വന്ദേഭാരത് ഏറെനാളത്തെ ആവശ്യമായിരുന്നു.

# കെൽട്രോണിൽ ഹ്രസ്വകാല കോഴ്സുകൾ

**തിരുവനന്തപുരം:** പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ബി.ടെക്/ എം.സി.എ/ ബി.സി.എ/ ബി.എസ്.സി/ ബി.കോം/ ബി.എ/ ഡിപ്ലോമ കഴിഞ്ഞവരിൽ നിന്നും തൊഴിൽ സാധ്യതയേറിയ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 2 മാസം മുതൽ 6 മാസം വരെ ദൈർഘ്യമുള്ള കോഴ്സുകളാണ്. എംബഡഡ് സിസ്റ്റം ഡിസൈൻ, വെബ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, ഐ.ടി.ഇ.എസ് ആന്റ് ബി.പി.ഒ, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ്, ഇലക്ട്രോണിക്സ് ടെക്നീഷ്യൻ, ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്കിംഗ് എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, സിറിയൻ ചർച്ച് റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം 1 എന്ന വിലാസത്തിലോ 7356789991, 7306000415 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടണം.

# ശാസ്ത്ര സാഹിത്യപുരസ്കാരത്തിന് നാമനിർദേശങ്ങൾ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ശാസ്ത്ര സാഹിത്യ പുരസ്കാരത്തിന് നാമനിർദേശങ്ങൾ ക്ഷണിച്ചു. മലയാള സാഹിത്യത്തിലൂടെ ശാസ്ത്ര വിഷയങ്ങളെ ജനകീയവത്കരിക്കുന്നതിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികൾക്കാണ് പുരസ്കാരം. 2023ൽ പ്രസിദ്ധീകരിച്ചതും ജനങ്ങളിൽ ശാസ്ത്രാവബോധം വളർത്താൻ സഹായകമായതും അന്വേഷണാത്മകമായതുമായ രചനകളാണ് പുരസ്കാരത്തിന് പരിഗണിക്കുന്നത്. ബാലശാസ്ത്ര സാഹിത്യം, ജനപ്രിയ ശാസ്ത്ര സാഹിത്യം, ഗഹനമായ വൈജ്ഞാനിക ശാസ്ത്ര സാഹിത്യം, ശാസ്ത്ര പത്ര പ്രവർത്തനം, ശാസ്ത്ര ഗ്രന്ഥ വിവർത്തനം (മലയാളം) എന്നീ അഞ്ചു വിഭാഗങ്ങളിലാണ് അവാർഡ്. അൻപതിനായിരം രൂപയും, ഫലകവും, പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. അപേക്ഷ ഫോമും നിബന്ധനകളും www.kscste.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും. നിർദിഷ്ട ഫോമിൽ തയാറാക്കിയ നാമനിർദേശവും അനുബന്ധരേഖകളും സഹിതം ഡയറക്ടർ,കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്ര ഭവൻ, പട്ടം, തിരുവനന്തപുരം 695 004 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31ന് വൈകിട്ട് അഞ്ച് മണി. കൂടുതൽവിവരങ്ങൾക്ക് www.kscste.kerala.gov.in, ഫോൺ: 0471 2548218.

# ലൈഫ് ഗാർഡുമാരെ നിയമിക്കുന്നു

**മലപ്പുറം:** ട്രോളിങ് നിരോധനം അവസാനിച്ച ശേഷം ദിവസവേതനാടിസ്ഥാനത്തിൽ ലൈഫ് ഗാഡുമാരെ നിയമിക്കുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ പൊന്നാനി ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ആഗസ്റ്റ് ആറിന് രാവിലെ 11ന് നടക്കുമെന്ന് ഫഷറീസ് അസി. ഡയറക്ടർ അറിയിച്ചു. അപേക്ഷകർ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയവരും 20നും 45നും മധ്യേ പ്രായമുള്ളവരും പ്രതികൂല സാഹചര്യങ്ങളിലും കടലിൽ നീന്താൻ ക്ഷമതയുള്ളവരുമായിരിക്കണം. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ തിരിച്ചറിയിൽ രേഖകൾ, യോഗ്യത തെളിയിക്കുന്ന രേഖകൾ, മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ് ബുക്ക് എന്നിവയുടെ ഒറിജിനലും പകർപ്പും സഹിതം നേരിട്ട് ഹാജരാകണം.

# അധ്യാപക ഒഴിവ്

**മലപ്പുറം:** എം.എസ്.പി ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.ടി സുവോളജി(സീനിയർ) തസ്തികയിലേക്ക് പി.എസ്.സി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ ആഗസ്റ്റ് എട്ടിന് രാവിലെ 10ന് എം.എസ്.പി ഹയർ സെക്കൻഡറി സ്കൂളിൽ കൂടിക്കാഴ്ചയ്ക്ക് എത്തണമെന്ന് എം.എസ്.പി കമാൻഡന്റ് അറിയിച്ചു.

# വിദ്യാഭ്യാസ ആനുകൂല്യം

**മലപ്പുറം:** കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാപദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 202425 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസായ ശേഷം കേരളസർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ നിർദിഷ്ട ഫോറത്തിൽ ആഗസ്റ്റ് 15ന് മുമ്പ് അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം തൊഴിലാളികളുടെ അംഗത്വ കാർഡ് ക്ഷേമനിധി പാസ് ബുക്ക്, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൂടി വയ്ക്കണം. അപേക്ഷകൾ വിദ്യാർഥി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി സാക്ഷ്യപ്പെടുത്തണമെന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഏഷ്യ, ഇന്ത്യ ബുക്ക് ഓഫ് റെക്കാർഡുകളിൽ ഇടം പിടിച്ച് പ്രീതി സോഡിയാക്ക്

**കൊച്ചി:** പ്രമുഖ മിക്സർ ഗ്രൈൻഡർ ബ്രാൻഡായ പ്രീതി കിച്ചൻ അപ്ലയൻസസിൽ നിന്നുള്ള മുൻനിര പവർ പാക്ക്ഡ് മിക്സർ ഗ്രൈൻഡറായ പ്രീതി സോഡിയാക് ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡിലും ഇടം നേടിയതായി വെർസുനി ഇന്ത്യ ഹോംസ് സൊല്യൂഷൻസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ഗുൽബഹർ തൗരാനി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഏറ്റവും കടുപ്പമേറിയ ഇനങ്ങളെ പൊടിക്കുന്നതിനുള്ള ഏറ്റവും ശക്തമായ മിക്സർ ഗ്രൈൻഡർ ആയി ലഭിച്ച ഈ അംഗീകാരം, പുതുമ, ഗുണനിലവാരം, പ്രകടനം എന്നിവയിലുള്ള പ്രീതിയുടെ സമർപ്പണത്തിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു.പ്രീതി സോഡിയാക്കിന്റെ കഴിവ് പ്രദർശിപ്പിക്കുന്നതിന് വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള 120 ഇൻഫ്ളുവൻസർമാരെ ഉൾപ്പെടുത്തി, കൊച്ചി,ബംഗളൂരു, ചെന്നൈ, ഹൈദരാബാദ് എന്നീ നാല് പ്രധാന നഗരങ്ങളിൽ ഉപകരണം പരീക്ഷിച്ചു. ഇഷ്ടികയും മരവും മുതൽ സുഗന്ധവ്യഞ്ജനങ്ങളും മറ്റും വരെ കഠിനമായ വിവിധ വസ്തുക്കൾ പൊടിക്കുക എന്ന വെല്ലുവിളി ഇൻഫ്ളുവൻസർമാർ ഏറ്റെടുത്തു. റെക്കോർഡ് പ്രഖ്യാപിച്ച ഇന്ത്യ ആന്റ് ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ നിന്നുള്ള വിധികർത്താക്കളായ വിവേക് ആർ നായർ, സഗയരാജ് എന്നിവർ പ്രകടനം അംഗീകരിച്ചതായും ഗുൽബഹർ തൗരാനി പറഞ്ഞു.പ്രീതി 4കെവി സർജ് പ്രൊട്ടക്ഷൻ, പ്രീസെറ്റ് മെനുകൾ, സോഫ്റ്റ് ടച്ച് ഓപ്പറേഷനുകൾ എന്നിവയുടെ ട്രിപ്പിൾ എംഒവി സവിശേഷതകളുള്ള പുതിയ 1600ണ, രണ്ട് 2100ണ ഇൻഡക്ഷൻ കുക്ക്ടോപ്പുകൾ അവതരിപ്പിച്ചു. 2484/ രൂപയിൽ ആരംഭിക്കുന്ന ഈ കുക്ക്ടോപ്പുകൾ 1 വർഷത്തെ പ്രൊഡക്ട് വാറന്റിയും 3 വർഷത്തെ കോയിൽ വാറന്റിയും നൽകുന്നു. കൂടാതെ, പ്രീതി രണ്ട് പുതിയ സ്റ്റെയിൻലെസ് സ്റ്റീൽ ഗ്യാസ് സ്റ്റൗവുകൾ പുറത്തിറക്കി.



# പുതിയ ബ്രാൻഡ് ഐഡിന്റിറ്റിയുമായി പ്രഭുദാസ് ലില്ലാധർ ഗ്രൂപ്പ്

**കൊച്ചി:** പ്രഭുദാസ് ലില്ലാധർ ഗ്രൂപ്പ് പുതിയ ബ്രാൻഡ് ഐഡിന്റിറ്റി 80ആം വാർഷികാഘോഷ വേളയിൽ പുറത്തിറക്കി. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലാണ് ലോഗോ അവതരിപ്പിച്ചത്. കഴിഞ്ഞ 80 വർഷമായി വിപണിയിലെ കയറ്റിറക്കങ്ങളെ വിജയകരമായി തരണം ചെയ്തു പിഎൽ ഗ്രൂപ്പ്. അതേസമയം തന്നെ പരേതനായ പ്രഭുദാസ് ലില്ലാധർ സേഠ് രൂപപ്പെടുത്തിയ സ്ഥാപിത തത്വങ്ങൾ അതിന്റെ തികഞ്ഞ അന്തസത്തയിൽ മുറുകെ പിടിക്കുകയും ചെയ്തു.

വിശ്വാസ്യത, സുതാര്യത, അഖണ്ഡത എന്നിങ്ങനെയുള്ള ഗ്രൂപ്പിന്റെ മൂല്യങ്ങൾ ഇന്ത്യയുടെ ധാർമികതയുടെ ദൃഷ്ടാന്തവും സ്വദേശി എന്ന വികാരത്തിന്റെ യഥാർത്ഥ പ്രാധിനിത്യവുമാണ്. നമ്മൾ വിഭാവനം ചെയ്യുന്ന ഇന്ത്യക്ക് വേണ്ടി പ്രചോദനത്തിന്റെ ദീപശിഖയായി പി എൽ ക്യാപിറ്റൽ സേവനം ചെയ്യുന്നുവെന്നും പീയൂഷ് ഗോയൽ പറഞ്ഞു

പിഎൽ അസറ്റ് മാനേജ്മെന്റിലെ ക്വന്റ് ഇൻ വെസ്റ്റ്മെന്റ് സ്ട്രാറ്റജീസ് ആന്റ് ഫണ്ട് മാനേജർ തലവനായ സിദ്ധാർത്ഥ് വോറ ക്വോണ്ടിറ്റേറ്റീവ് നിക്ഷേപ മേഖലയിലെ പുതിയ വഴി വെട്ടിത്തെളിക്കുന്ന പ്രവർത്തനത്തിലൂടെ അസറ്റ് മാനേജ്മെന്റ് മേഖലയെ വിപ്ലവവൽക്കരിക്കാൻ പോകുന്ന പി എല്ലിന്റെ പദ്ധതികൾ വിശദമാക്കി.



# ശ്രീ സുധീന്ദ്ര ആശുപത്രിയിൽ എല്ലാ ഞായറാഴ്ച്ചകളിലും സൗജന്യ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** കച്ചേരിപ്പടി ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയുടെ സ്ഥാപകനും കാശി മഠാധിപതിയുമായിരുന്ന ശ്രീമദ് സുധീന്ദ്ര തീർഥ സ്വാമികളുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ശ്രീ സുധീന്ദ്ര ആശുപത്രിയിൽ ഓഗസ്റ്റ് മുതൽ എല്ലാ ഞായറാഴ്ച്ചകളിലും സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുമെന്ന് ആശുപത്രി ബോർഡ് പ്രസിഡന്റ് രത്നാകര ഷേണായി, ജനറൽ സെക്രട്ടറി മനോഹർ പ്രഭു എന്നിവർ അറിയിച്ചു.

രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് ക്യാമ്പ് . ആഗസ്റ്റ് നാലിന് ഇ.എൻ.ടി, ഡെന്റൽ, 11 ന് പൾമനോളജിസ്റ്റ് (ശ്വാസകോശം), 18 ന് ഗൈനക്കോളജി, 25 ന് സർജറി എന്നീ വിഭാഗങ്ങളിലാണ് ക്യാംപ് നടക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ പരിശോധനയും, തടുർ ചികിത്സ ആവശ്യമുള്ളവർക്ക് ശസ്ത്രക്രിയയും മറ്റു ടെസ്റ്റുകളും സൗജന്യ നിരക്കിലും ലഭ്യമാക്കുമെന്നും അധികൃതർ അറിയിച്ചു. സുധീന്ദ്ര സ്വാമിയുടെ നവതി ആഘോഷ വേളയിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകളും 90 നിർദ്ധനരായ രോഗികൾക്ക് മുട്ട്മാറ്റിവയ്ക്കൽ ശ്സ്ത്രക്രിയയും നടത്തിയിരുന്നു. കൂടുതൽ വിവരങ്ങൾക്ക് 04844077400,3512123,7025350481 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ഫ്ളിപ്പിൻട്രെൻഡ്സ് അവതരിപ്പിച്ച് ഫ്ളിപ്പ്കാർട്ട്

**കൊച്ചി:** രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറോളം തദ്ദേശീയ ഫാഷൻ ബ്രാൻഡുകളെ അണിനിരത്തി 'ഫ്ളിപ്പിൻ ട്രെൻഡ്സ്' അവതരിപ്പിച്ച് ഫ്ളിപ്പ്കാർട്ട്. ഉത്സവകാല സീസണിൽ പരമാവധി ഇന്ത്യൻ നിർമിത തുണിത്തരങ്ങൾ വിൽക്കാൻ സഹായിക്കുന്നതാണിത്. ഇതിനായി ഫ്ളിപ്പ്കാർട്ട് ആപ്പിൽ പ്രത്യേക വിഭാഗം സജ്ജമാക്കിയിട്ടുണ്ട്. കച്ചവടക്കാർക്ക് ഫ്ളിപ്പ്കാർട്ട് സെല്ലർ ആപ്പിലും സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ബ്രാൻഡുകൾക്ക് കൃത്യമായ വിപണിവിവരങ്ങൾ നൽകി ഏറ്റവും പുതിയ മോഡലുകൾ വിപണിയിലെത്തിക്കാനാണ് ശ്രമിക്കുന്നതെന്ന് ഫ്ളിപ്പ്കാർട്ട് ഫാഷന്റെ സീനിയർ ഡയറക്ടർ പല്ലവി സക്സേന പറഞ്ഞു.




## വയനാട് ദുരന്തം: ഇരയായവരെ ചേർത്തു പിടിക്കും: കെപിഎംഎ

**കൊച്ചി:** വയനാട് മുണ്ടക്കൈ, ചൂരമല പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് സാധ്യമായ എല്ലാ സഹായവും ചെയ്യുമെന്ന് കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ (കെ.പി.എം.എ). കേരളം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ ദുരന്തമാണ് വയനാട്ടിൽ സംഭവിച്ചിരിക്കുന്നത്. ദുരന്തത്തിൽ ഉറ്റവരെയടക്കം സർവ്വതും നഷ്ടപ്പെട്ടവരെ ചേർത്തു പിടിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമായിട്ടാണ് കെപിഎംഎം കാണുന്നത്. ദുരന്തത്തിനിരയായവർക്ക് വീടുകൾ ഉൾപ്പെടെയുള്ളവ നിർമ്മിച്ചു നൽകുന്നതിനാവശ്യമായ സഹായം ചെയ്യും. പ്രാരംഭഘട്ടത്തിൽ അമ്പത് ലക്ഷം രൂപയുടെ സഹായം നൽകുന്നതിനാണ് കെ.പി.എം.എ സംസ്ഥാന പ്രസിഡന്റ് ജെ സുനിലിന്റെ അധ്യക്ഷതയിൽ ചേർന്ന അടിയന്തര യോഗം തീരുമാനിച്ചതെന്ന് മുൻ പ്രസിഡന്റ് പി ജെ മാത്യു അറിയിച്ചു.

## ദുരിതബാധിതർക്ക് 4 കോടിരൂപയുടെ സഹായം പ്രഖ്യാപിച്ച് ആസ്റ്റർ

**കൊച്ചി:** കേരളം കണ്ട ഏറ്റവും വലിയ ഉരുൾപ്പൊട്ടൽ ദുരന്തത്തിൽ വിറങ്ങലിച്ചുനിൽക്കുന്ന വയനാട്ടിലെ ജനങ്ങൾക്ക് സഹായഹസ്തവുമായി ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ. ദുരന്തമുഖത്ത് പരിക്കേറ്റവർക്ക് അടിയന്തരചികിത്സ നൽകുന്നതിന് പുറമെ, 4 കോടി രൂപയുടെ സഹായധനവും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ ഒന്നരക്കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് നൽകും. കൂടാതെ, വീടുകൾ നഷ്ടമായി ക്യാംപുകളിൽ കഴിയുന്നവരുടെ പുനരധിവാസത്തിന് രണ്ടരക്കോടി രൂപയും ചെലവഴിക്കും. വയനാട്ടിലെ ഡോ. മൂപ്പൻസ് മെഡിക്കൽ കോളേജിൽ (പഴയ ഡിഎം വയനാട് ഇൻസ്റ്റിട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) ദുരന്തത്തിലകപ്പെട്ട നിരവധിയാളുകൾ ചികിത്സയിലുണ്ട്. ഇവർക്കെല്ലാം ചികിത്സയും മറ്റ് വൈദ്യസഹായങ്ങളും സൗജന്യമായിരിക്കുമെന്ന് ആശുപത്രിയുടെ ചെയർമാനും ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ മാനേജിങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

## വയനാട് ദുരന്തം: സഹായത്തിന് വിവിധ നടപടികളുമായി വി

**കൊച്ചി:** വയനാട്ടിൽ പ്രകൃതിദുരന്തത്തിനിരയായവർക്ക് പിന്തുണയുമായി കേരളത്തിലെ പ്രമുഖ ടെലികോം ഓപ്പറേറ്ററായ വി. ഇതിന്റെ ഭാഗമായി പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിയപ്പെട്ടവരുമായി ബന്ധപ്പെടുന്നത് തുടരുന്നതിനും വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിനുമായി ഏഴ് ദിവസത്തേക്ക് പ്രതിദിനം 1 ജിബി മൊബൈൽ ഡാറ്റ സൗജന്യമായി വി ലഭ്യമാക്കി. അധിക ഡാറ്റ ഓട്ടോമാറ്റിക്കായി ക്രെഡിറ്റ് ആകും.പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് ബിൽ പേയ്മെൻറിൻറെ അവസാന തീയതി 10 ദിവസത്തേക്ക് നീട്ടി നൽകി.വയനാട്ടിൽ ദുരിതം നേരിടുന്നവരെ സഹായിക്കുന്നതിനായി വിവിധ സാമഗ്രികൾ ശേഖരിക്കുന്നതിനായുള്ള സൗകര്യങ്ങൾ കേരളത്തിലെ എല്ലാ വി സ്റ്റോറുകളിലും ലഭ്യമാക്കി. ഏതൊരാൾക്കും അവരുടെ അടുത്തുള്ള വി സ്റ്റോറിൽ ദുരിതാശ്വാസ സാമഗ്രികൾ സംഭാവന ചെയ്യാം.വയനാട്ടിലെ ജനങ്ങളെ അവരുടെ ജീവിതം തിരിച്ചുപിടിക്കാൻ സഹായിക്കാനായി ഗുരുതരമായി ബാധിച്ച പ്രദേശങ്ങളിലെ 17 സൈറ്റുകൾ ഉൾപ്പെടെ ജില്ലയിലെ 263 സൈറ്റുകളും പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്നും ഈ സൈറ്റുകൾ ഒപ്റ്റിമൽ കപ്പാസിറ്റിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ അവയുടെ ശേഷിയും വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വി കേരള, തമിഴ്നാട് ക്ലസ്റ്റർ ബിസിനസ് ഹെഡ് ആർ. എസ്. ശാന്താറാം പറഞ്ഞു.

## ദക്ഷിണേന്ത്യയിൽ കാമ്പയിനുമായി എച്ച്ഡിഎഫ്സി ലൈഫ്

**കൊച്ചി:** എച്ച്ഡിഎഫ്സി ലൈഫ് തങ്ങളുടെ ഏറ്റവും പുതിയ ക്യാംപയിനിലൂടെ ബ്രാൻഡ് സാന്നിധ്യം വിപുലീകരിക്കാനും ആന്ധ്രാപ്രദേശ്, കർണാടക, കേരളം, തമിഴ്നാട്, തെലങ്കാന എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സാന്നിധ്യം ശക്തമാക്കാനും തീരുമാനം. പ്രാദേശിക ഭാഷാ ആശയവിനിമയത്തിലൂടെ ടയർ 2, ടയർ 3 വിപണികളിലെ പ്രേക്ഷകരുമായി കൂടുതൽ ഇടപഴകാനും ഈ വിപണികളിൽ അടുപ്പം വളർത്താനും പുതിയ കാമ്പെയ്ൻ ലക്ഷ്യമിടുന്നു. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അച്ചടക്കവും തയ്യാറെടുപ്പും അനിവാര്യമാണെന്ന ഉൾക്കാഴ്ചയിലാണ് കാമ്പയിൻ കെട്ടിപ്പടുത്തിരിക്കുന്നതെന്ന് എച്ച്ഡിഎഫ്സി ലൈഫിലെ സ്ട്രാറ്റജി ചീഫ് മാർക്കറ്റിംഗ് ഓഫീസറും ഗ്രൂപ്പ് ഹെഡുമായ വിശാൽ സുബർവാൾ പറഞ്ഞു.

# നവാ ഷെവ ടെർമിനലുകൾ 11 മെഗാവാട്ട് ഹരിതോർജ്ജത്തിലാക്കി ഡിപി വേൾഡ്

**കൊച്ചി:** നവാ ഷെവ ടെർമിനലുകളിൽ ഹരിത വൈദ്യുതി വിജയകരമായി നടപ്പിലാക്കി ഡിപി വേൾഡ്. നവാ ഷെവ ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽയും നവാ ഷെവ ഇന്ത്യ ഗേറ്റ്വേ ടെർമിനലും ജൂലൈ ഒന്നു മുതൽ ആരംഭിച്ച സംരംഭമാണ് വിജയകരമായി തീർന്നത്. വിദൂരമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഗ്രിഡിലേക്ക് സംയോജിപ്പിച്ച് എൻഎസ്ഐസിടി, എൻഎസ്ഐജിടി എന്നിവയ്ക്ക് വൈദ്യുതി നൽകുന്നു. 11 മെഗാവാട്ട് ക്യുമുലേറ്റീവ് കപ്പാസിറ്റിയുള്ള ഗ്രീൻ പവർ സംരംഭത്തിന്റെ ഓപ്പൺ ആക്സസ് സോഴ്സിംഗ്, എൻഎസ്ഐസിടിയിലെ പരമ്പരാഗത ഊർജ ആവശ്യങ്ങളുടെ ഏകദേശം 75 ശതമാനവും എൻഎസ്ഐജിടിയിൽ 80 ശതമാനവും മാറ്റിസ്ഥാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളലിൽ 50% കുറയ്ക്കാൻ ഇടയാക്കും.



ഇന്ത്യയിലെ ടെർമിനലുകളിൽ ഉടനീളം, ഡിപി വേൾഡ് ഇതിനകം തന്നെ നിലവിലുള്ള ഡീസൽ പവർ ഉപകരണങ്ങളുടെ ശേഖരം ഇലക്ട്രിക് ആക്കി മാറ്റുകയാണ്. ഇതിനായി 4 ഇലക്ട്രിക് റബ്ബർ ടയർഡ് ഗാൻട്രി ക്രെയിനുകൾ കമ്മീഷൻ ചെയ്യുകയും കൊച്ചി ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിലെ 15 ആർടിജികൾ വൈദ്യുതീകരിക്കുകയും ചെയ്തു. ഗുജറാത്തിലെ മുന്ദ്ര ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലി (എംഐസിടി)ലും കൊച്ചിയിലെ ഐസിടിടിയിലും രണ്ട് ഇലക്ട്രിക് ക്വേ ക്രെയിനുകൾ വീതം കൂട്ടി ചേർത്തു. കൂടാതെ, എൻഎസ്ഐസിടിക്കായി മൂന്ന് ഇലക്ട്രിക് റെയിൽ മൗണ്ട് ഗാൻട്രികളും അവതരിപ്പിച്ചു. നിലവിലുള്ള ആർടിജികളുടെ 100% വൈദ്യുതീകരണത്തിലേക്കുള്ള നീക്കം ടെർമിനലുകളിലൂടെയുള്ള ചരക്കു നീക്കത്തിന്റെ കാർബൺ ശേഷിപ്പുകൾ ഗണ്യമായി കുറയ്ക്കാൻ സഹായിക്കും.

'നവ ഷെവ ടെർമിനലുകളിൽ ഗ്രീൻ പവറിന്റെ ഓപ്പൺ ആക്സസ് സോഴ്സിംഗ് നടപ്പിലാക്കുന്നത് സുസ്ഥിര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സുപ്രധാന ചുവടുവയ്പാണ്. ഹരിത ഊർജം സംയോജിപ്പിക്കുന്നതിലൂടെ, മാരിടൈം ഇന്ത്യ വിഷൻ 2030 അനുസരിച്ച്, 2050ഓടെ ആഗോള ലക്ഷ്യമായ നെറ്റ് സീറോ എമിഷനിലേക്ക് നയിക്കാൻ ഇത് ഊർജം പകരും.'ഡിപി വേൾഡ് സബ് കോണ്ടിനെന്റ് മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക പോർട്ട്സ് ആന്റ് ടെർമിനൽസ്, ഓപ്പറേഷൻസ് ആൻഡ് കൊമേഴ്സ്യൽ, സിഒഒ രവീന്ദർ ജോഹൽ പറഞ്ഞു. ദുബായിൽ നടന്ന യുഎൻ കാലാവസ്ഥാ സമ്മേളനത്തിന്റെ ( പ്രധാന പതാകാവാഹകർ കൂടിയായിരുന്നു ഡിപി വേൾഡ്.




# ഫ്രീഡം സെയിലുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** 77ാം സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി 1947 രൂപ മുതൽ ആരംഭിക്കുന്ന ടിക്കറ്റ് നിരക്കുമായി എയർ ഇന്ത്യ എക്സ്പ്രസ് ഫ്രീഡം സെയിൽ പ്രഖ്യാപിച്ചു. സെപ്റ്റംബർ 30 വരെയുള്ള ആഭ്യന്തര അന്താരാഷ്ട്ര യാത്രകൾക്കായി ഓഗസ്റ്റ് അഞ്ച് വരെ ഫ്രീഡം സെയിൽ നിരക്കിൽ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ മശ്യശിറശമലഃു്യലൈ.രീാ ടിക്കറ്റുകൾ ബുക്ക് ചെയ്യാം.ചെക്ക് ഇൻ ബാഗേജ് ഇല്ലാത്ത യാത്രക്കാർക്ക് എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ കുറഞ്ഞ നിരക്കിൽ ടിക്കറ്റെടുക്കാം. എക്സ്പ്രസ് ലൈറ്റ് നിരക്കുകളിൽ മൂന്ന് കിലോ അധിക ക്യാബിൻ ബാഗേജ് സൗജന്യമായും ലഭിക്കും. കൂടുതൽ ലഗേജ് ഉള്ളവർക്ക് പ്രത്യേക കിഴിവോടെ ആഭ്യന്തര വിമാനങ്ങളിൽ 15 കിലോ ചെക്ക് ഇൻ ബാഗേജിന് 1000 രൂപയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോയ്ക്ക് 1300 രൂപയും മാത്രമാണ് ഈടാക്കുക.ഡൽഹി ജയ്പൂർ, ബംഗളൂരു ഗോവ, ഡൽഹി ഗ്വാളിയാർ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പടെ 15 അന്താരാഷ്ട്ര സ്ഥലങ്ങളിലേക്കും 32 ആഭ്യന്തര സ്ഥലങ്ങളിലേക്കും പ്രത്യേക നിരക്കിൽ വിമാന ടിക്കറ്റുകൾ ലഭ്യമാണ്. ആഴ്ച തോറും കൊച്ചിയിൽ നിന്നും 108, തിരുവനന്തപുരത്ത് നിന്നും 70, കോഴിക്കോട് നിന്നും 90, കണ്ണൂരിൽ നിന്നും 57 ആഭ്യന്തര അന്താരാഷ്ട്ര വിമാന സർവ്വീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്.എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ടിക്കറ്റെടുക്കുന്ന ലോയൽറ്റി അംഗങ്ങൾക്ക് പ്രത്യേക കിഴിവിന് പുറമേ 8 ശതമാനം വരെ ന്യൂ കോയിനുകൾ, 47 ശതമാനം കിഴിവിൽ ബിസ് പ്രൈം സീറ്റുകൾ, ഗോർമേർ ഭക്ഷണം തുടങ്ങിയവയും ലഭിക്കും. വിദ്യാർഥികൾ, മുതിർന്ന പൗരർ, ചെറുകിട ഇടത്തരം സംരംഭകർ, ഡോക്ടർമാർ, നഴ്സുമാർ, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും പ്രത്യേക കിഴിവോടെ ടിക്കറ്റ് ബുക്ക് ചെയ്യാം.ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് സീറ്റുകൾ എയർ ഇന്ത്യ എക്സ്പ്രസിന്റെ എല്ലാ പുതിയ ബോയിംഗ് 7378 വിമാനങ്ങളിലും ലഭ്യമാണ്. മികച്ച യാത്രാ അനുഭവത്തിനായി 58 ഇഞ്ച് വരെ സീറ്റുകൾ തമ്മിൽ അകലമുള്ള എക്സ്പ്രസ് ബിസ് വിഭാഗത്തിലേക്ക് ടിക്കറ്റ് ഉയർത്താനും സാധിക്കും. അതിവേഗ വികസനത്തിന്റെ ഭാഗമായി ഓരോ മാസവും പുതിയ നാല് വിമാനങ്ങളാണ് എയർ ഇന്ത്യ എക്സ്പ്രസിന്റെ ഫ്ലീറ്റിലേക്ക് ഉൾപ്പെടുത്തുത്. 2023 ഒക്ടോബറിന് ശേഷം ഉൾപ്പെടുത്തിയ 30 ലധികം പുതിയ വിമാനങ്ങളിൽ 4 മുതൽ 8 വരെ ബിസ് ക്ലാസ് സീറ്റുകളുണ്ട്.

# ഉത്പാദനം കുറഞ്ഞു; ഇഞ്ചിക്ക് പൊന്നുവില



ഉത്പാദനം കുറഞ്ഞതോടെ ഹൈറേഞ്ചിലെ കമ്പോളങ്ങളിൽ ഇഞ്ചി വില കൂടി. രണ്ടുവർഷം മുൻപ് കിലോയ്ക്ക് 28 രൂപ ലഭിച്ചിരുന്ന ഗുണമേന്മയേറിയ നാടൻ ഇഞ്ചിയുടെ വില 140 രൂപയായും 150 രൂപ ലഭിച്ചിരുന്ന ചുക്കിന്റെ വില 370 രൂപയായും ഉയർന്നു. ഹൈറേഞ്ചിലെ കർഷകർ കൃഷി ഉപേക്ഷിച്ചതോടെ നാടൻ ഇഞ്ചിക്ക് ക്ഷാമം അനുഭവപ്പെട്ടതാണ് വില കൂടാൻ കാരണം.

ഹൈറേഞ്ചിലെ കമ്പോളങ്ങളിൽ മുമ്പ് വൻതോതിൽ ഇഞ്ചിയും ചുക്കും എത്തിയിരുന്നു. ഇപ്പോൾ പേരിനുമാത്രമേ എത്തുന്നുള്ളൂ. ഇടക്കാലത്ത് ഏലംവില ഉയർന്നതോടെ പലരും ഇഞ്ചിക്കണ്ടങ്ങൾ ഉഴുതുമറിച്ച് ഏലത്തട്ടകൾ നട്ടു. രണ്ടുവർഷം മുൻപ് ഇഞ്ചിവില 28 രൂപയായതോടെ ഉത്പാദനച്ചെലവുപോലും താങ്ങാൻ കഴിയാത്ത അവസ്ഥയെത്തിയിരുന്നു.

ഇഞ്ചിക്കൃഷിക്ക് നടീൽമുതൽ വിളവെടുപ്പുവരെ മികച്ച പരിപാലനവും വളപ്രയോഗവും വേണം. ഏലംവില കൂടിയപ്പോൾ പണിക്കൂലി ഉയരുകയുംചെയ്തു. ഇതോടെ, മുൻവർഷങ്ങളിൽ പാട്ടത്തിന് സ്ഥലമെടുത്ത് ഇഞ്ചിക്കൃഷി ചെയ്തിരുന്നവർ ആ രീതി പൂർണമായി ഉപേക്ഷിച്ചു. കാലാവസ്ഥാവ്യതിയാനവും ചാണകം ഉൾപ്പെടെയുള്ള ജൈവവളങ്ങളുടെ വിലവർധനയും കർഷകരെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളിവിട്ടു.

ഈ പ്രതിസന്ധികളെയെല്ലാം തരണംചെയ്ത് പതിവായി ഇഞ്ചിക്കൃഷി ചെയ്തിരുന്ന കർഷകർ വിലത്തകർച്ചയിൽ കടക്കെണിയിലുമായി. മുൻപ് വൻതോതിൽ ഇഞ്ചി കൃഷിചെയ്തിരുന്നവരിൽ പലരും ഇപ്പോൾ മറ്റു കൃഷികൾക്കൊപ്പം പേരിനുമാത്രമേ ഇത് ഉത്പാദിപ്പിക്കുന്നുള്ളൂ



# ഈ സാമ്പത്തിക വർഷം ഇന്ത്യയുടെ ക്ഷീര വ്യവസായ വരുമാനം 1314% വളരും: ക്രിസിൽ റേറ്റിംഗ്സ്

ക്ഷീര വ്യവസായത്തിന്റെ വരുമാനം ആരോഗ്യകരമായ 911% വളർച്ചയിൽ വർധിച്ചുവെന്ന് ക്രിസിൽ റേറ്റിംഗ്സ് സീനിയർ ഡയറക്ടർ മോഹിത് മഖിജ. ഈ സാമ്പത്തിക വർഷം ഇന്ത്യയുടെ ക്ഷീര വ്യവസായം 1314% ആരോഗ്യകരമായ വരുമാന വളർച്ച കൈവരിക്കുമെന്ന് ക്രിസിൽ റേറ്റിംഗ്സ് റിപ്പോർട്ട്. ശക്തമായ ഉപഭോക്തൃ ആവശ്യവും അസംസ്കൃത പാലിന്റെ മെച്ചപ്പെട്ട വിതരണവും തുടരുന്നതാണ് മേഖലയ്ക്ക് ഗുണകരമാവുക. മൂല്യവർധിത ഉൽപന്നങ്ങളുടെ (വിഎപി) വർദ്ധിച്ചുവരുന്ന ഉപഭോഗം ഡിമാൻഡിനെ പിന്തുണയ്ക്കുമ്പോൾ, നല്ല മൺസൂൺ സാധ്യതകളാൽ ധാരാളം പാൽ വിതരണം ഉണ്ടായേക്കും. അസംസ്കൃത പാൽ വിതരണത്തിലെ വർദ്ധനവ് ക്ഷീരകർഷകർക്ക് ഉയർന്ന പ്രവർത്തന മൂലധന ആവശ്യകതകളിലേക്ക് നയിക്കും. അത്, അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിൽ സംഘടിത ഡയറികളുടെ തുടർച്ചയായ മൂലധനച്ചെലവുകൾ (കാപെക്സ്) കടത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് കാരണമാകും. എന്നിരുന്നാലും, ക്രെഡിറ്റ് പ്രൊഫൈലുകൾ സുസ്ഥിരവും ശക്തമായ ബാലൻസ് ഷീറ്റുകൾ പിന്തുണയ്ക്കുന്നതുമായിരിക്കും.

യഥാർത്ഥത്തിൽ 24% മിതമായ വളർച്ചയ്ക്കിടയിൽ, ക്ഷീര വ്യവസായത്തിന്റെ വരുമാനം ആരോഗ്യകരമായ 911% വളർച്ചയിൽ വർധിച്ചുവെന്ന് ക്രിസിൽ റേറ്റിംഗ്സ് സീനിയർ ഡയറക്ടർ മോഹിത് മഖിജ പറയുന്നു. വിഎപി സെഗ്മെന്റ് വ്യവസായ വരുമാനത്തിൽ 40% സംഭാവന ചെയ്യുന്നു. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ വിഭാഗത്തിൽ വിഎപി, ലിക്വിഡ് പാൽ എന്നിവയുടെ വിൽപ്പന ഉയരുന്നതും വരുമാന വളർച്ചയെ സഹായിക്കും



# ആടും പന്നിയും വളർത്താൻ തയ്യാറാണോ, സബ്സിഡി കേന്ദ്രം തരും

ലക്ഷക്കണക്കിനു രൂപ സബ്സിഡി കിട്ടുന്ന ആട്, കോഴി, പന്നി വളർത്തൽ പദ്ധതിക്ക് കേരളത്തിൽ അപേക്ഷകർ കുറവ്. ദേശീയ കന്നുകാലിമിഷന്റെ സംരംഭകത്വ വികസനപദ്ധതിയുടെ ഭാഗമായുള്ള കേന്ദ്രപദ്ധതിക്ക് മൂന്നുവർഷത്തിനിടെ അപേക്ഷിച്ചത് അമ്പതോളംപേർ. എല്ലാ പദ്ധതികൾക്കും 50 ശതമാനം സബ്സിഡിയുണ്ട്. എത്ര അപേക്ഷകരുണ്ടെങ്കിലും തുക ലഭിക്കുമെന്നാണ് കേന്ദ്രം അറിയിച്ചിട്ടുള്ളത്.

**ആനുകൂല്യം ആർക്ക് ?**

വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, ഫാർമർ കോപ്പറേറ്റീവ് ഓർഗനൈസേഷൻ. പദ്ധതിക്ക് ആവശ്യമായ ഭൂമി സംരംഭകർ സ്വന്തമായോ പാട്ടവ്യവസ്ഥയിലോ കണ്ടെത്തണം. പത്തുശതമാനം തുക സംരംഭകരുടെ പക്കൽ വേണം.

**പണം നൽകുന്നത്**

ദേശീയ കന്നുകാലി മിഷൻ പണം നൽകും. സംസ്ഥാന ലൈവ് സ്റ്റോക്ക് വികസന ബോർഡിനാണ് പദ്ധതി നിർവഹണച്ചുമതല. തീറ്റപ്പുൽ സംസ്കരണത്തിനും പണം കിട്ടും.

**ആവശ്യമായ രേഖകൾ**

ഭൂമിയുടെ ഉടമസ്ഥാവകാശരേഖ അല്ലെങ്കിൽ പാട്ടച്ചീട്ട്. മേൽവിലാസം തെളിയിക്കുന്നതിന് ആധാർ കാർഡ്, തിരഞ്ഞെടുപ്പു കമ്മിഷന്റെ തിരിച്ചറിയൽ കാർഡ്, കറന്റ് ബിൽ തുടങ്ങിയവ നൽകാം. ഫോട്ടോ, ചെക്കും ആറുമാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റും മുൻപരിചയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ പരിശീലന സർട്ടിഫിക്കറ്റ്, പാൻകാർഡ്, വിദ്യാഭ്യാസയോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവയും വേണം.

www.nlm.udyamimtira.in എന്ന കേന്ദ്രസർക്കാർ പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാം. സംശയനിവാരണത്തിന് കെ.എൽ.ഡി. ബോർഡിന്റെ തിരുവനന്തപുരം ഓഫീസിലേക്കു വിളിക്കാം. 0471 2449138.

## ആട് വളർത്തൽ സബ്സിഡി

| | |
|---|---|
| 100 പെണ്ണാട്, അഞ്ച് മുട്ടനാട് | 10ലക്ഷം |
| 200 പെണ്ണാട്, 10 മുട്ടനാട് | 20ലക്ഷം |
| 300 പെണ്ണാട്, 15 മുട്ടനാട് | 30ലക്ഷം |
| 400 പെണ്ണാട്, 20 മുട്ടനാട് | 40ലക്ഷം |
| 500 പെണ്ണാട്, 25 മുട്ടനാട് | 50ലക്ഷം |

## കോഴി വളർത്തൽ സബ്സിഡി

| | |
|---|---|
| 1,000 പിടക്കോഴി,100 പൂവൻകോഴി | 25ലക്ഷം |

## പന്നി വളർത്തൽ സബ്സിഡി

| | |
|---|---|
| 50 പെൺപന്നി, 5 ആൺപന്നി | 15ലക്ഷം |
| 100 പെൺപന്നി, 10 ആൺപന്നി | 30ലക്ഷം |

സൊസൈറ്റി ടുഡേ
SOCIETY TODAY

# നിസാൻ എക്സ്ട്രെയിൽ; പ്രാരംഭവില 49.92 ലക്ഷം




**കൊച്ചി:** ജപ്പാനിൽ നിർമിക്കുന്ന നാലാം തലമുറ എക്സ്ട്രെയിലിന്റെ വില പ്രഖ്യാപിച്ചു. 49.92 ലക്ഷം രൂപയാണ് പ്രാരംഭ എക്സ് ഷോറൂം വില. ജൂലൈ 26 മുതൽ ഒരു ലക്ഷം രൂപയ്ക്ക് ബുക്കിംഗ് ആരംഭിച്ചിരുന്നു. മൂന്ന് വർഷം അല്ലെങ്കിൽ ഒരു ലക്ഷം കൊലോമീറ്റർ വാറന്റിക്ക് പുറമെ മൂന്നു വർഷത്തെ റോഡ് സൈഡ് അസ്സിസ്റ്റൻസും എക്സ്ട്രെയിലിന് നിസാൻ നൽകുന്നുണ്ട്. രണ്ട മുതൽ അഞ്ചു വർഷം വരെയുള്ള പ്രീപെയ്ഡ് മൈന്റനെൻസ് പ്രോഗ്രാമും ഇതിനോടൊപ്പം ലഭ്യമാണ്. ലോകത്തിലെ ആദ്യ പ്രൊഡക്ഷൻ വേരിയബിൾ കംപ്രഷൻ ടർബോ എഞ്ചിൻ ഘടിപ്പിച്ചതാണ് ജപ്പാനിൽ നിർമിക്കുന്ന എക്സ്ട്രെയിൽ. ഡിസ്റ്റെപ്പ് ലോജിക്ക് കണ്ട്രോൾ & പാഡിൽ ഷിഫ്റ്റ് എന്നിവ ഉൾപ്പെടുന്ന മൂന്നാം തലമുറ എക്സ്ട്രോണിക്ക് സിവിടിയാണ് നിസാൻ എക്സ്ട്രെയിലിൽ സജ്ജീകരിച്ചിരിക്കുന്നത്. ഡയമണ്ട് ബ്ലാക്ക്, പേൾ വൈറ്റ്, ഷാംപെയ്ൻ സിൽവർ എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമായ എക്സ്ട്രെയിൽ രാജ്യത്ത് എമ്പാടുമുള്ള ഡീലർഷിപ്പുകൾ വഴിയോ നിസാൻ വെബ്സൈറ്റ് വഴിയോ ബുക്ക് ചെയ്യാം.

# 178 കോടി രൂപയുടെ ലാഭം നേടി കല്യാൺ ജ്വല്ലേഴ്സ്

**തൃശൂർ:** 2025 സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിൽ കല്യാൺ ജ്വല്ലേഴ്സ് ഇന്ത്യ ലിമിറ്റഡിൻറെ ആകമാന വിറ്റുവരവ് 4,376 കോടി രൂപയിൽ നിന്ന് 5,535 കോടി രൂപയായി ഉയർന്നു. 27 ശതമാനം വളർച്ച രേഖപ്പെടുത്തി. ആകമാന ലാഭം 144 കോടി രൂപയിൽ നിന്ന് 178 കോടി രൂപയായി വർധിച്ചു. 24 ശതമാനം വളർച്ച.ഈ സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ ഇന്ത്യയിൽ നിന്നുള്ള വിറ്റുവരവ് 4687 കോടി രൂപയായി ഉയർന്നപ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷം അത് 3641 കോടി രൂപ ആയിരുന്നു. 29 ശതമാനത്തിലധികം വളർച്ച രേഖപ്പെടുത്തി.ഈ സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്നുള്ള ലാഭം 165കോടി രൂപയായി ഉയർന്നപ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷം അത് 129 കോടി രൂപ ആയിരുന്നു. 28 ശതമാനം വളർച്ച.

കമ്പനിയുടെ ഗൾഫ് മേഖലയിൽ ഈ സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ വിറ്റുവരവ് 811 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തികവർഷം അത് 700 കോടി രൂപ ആയിരുന്നു. 16 ശതമാനം വളർച്ച.ഗൾഫ് മേഖലയിൽ ഈ സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ ലാഭം 19 കോടി രൂപയാണ്, കഴിഞ്ഞ വർഷം അത് 17 കോടി രൂപ ആയിരുന്നു.

കമ്പനിയുടെ ലൈഫ് സ്റ്റൈൽ ബ്രാൻഡായ കാൻഡിയറിൻറെ ഈ സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ വിറ്റുവരവ് 39 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തികവർഷം അത് 34 കോടി രൂപ ആയിരുന്നു.

# ഹോണ്ട ഇന്ത്യ ജൂലൈയിൽ 4,83,100 ഇരു ചക്രവാഹങ്ങൾ വിറ്റു

**കൊച്ചി:** വിൽപനയിൽ ഇരട്ട അക്ക വളർച്ച തുടരുന്ന ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) 2024 ജൂലൈയിലെ വിൽപ്പന കണക്കുകൾ പുറത്തുവിട്ടു. 4,83,100 യൂണിറ്റ് ഇരുചക്ര വാഹനങ്ങളാണ് പോയ മാസം കമ്പനി വിറ്റഴിച്ചത്. 43 ശതമാനമാണ് വാർഷിക വളർച്ച. ആകെ വിൽപനയിൽ 4,39,118 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലാണ് വിറ്റഴിച്ചത്. 43,982 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതി 60 ശതമാനം വർധിച്ചപ്പോൾ, ആഭ്യന്തര വിൽപനയിൽ 41 ശതമാനം വളർച്ച രേഖപ്പെടുത്തി.തമിഴ്നാട് വിപണിയിൽ ഹോണ്ടയുടെ ആകെ യൂണിറ്റുകളുടെ വിൽപന ജൂലൈയിൽ 5 മില്യൺ കടന്നു. പശ്ചിമ ബംഗാളിലും ആന്ധ്രപ്രദേശിലുമായി കമ്പനി മൂന്ന് ബിഗ് വിങ് ഡീലർഷിപ്പുകൾ കൂടി കഴിഞ്ഞമാസം തുറന്നു. രാജ്യത്തെ 11 നഗരങ്ങളിൽ റോഡ് സുരക്ഷ ബോധവൽക്കരണ ക്യാമ്പയിനുകളും ഹോണ്ട കഴിഞ്ഞ മാസം സംഘടിപ്പിച്ചു. ഹോണ്ട ഇന്ത്യ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഹെൽത്ത് മേള ഉൾപ്പെടെയുള്ള വിവിധ സിഎസ്ആർ പ്രവർത്തനങ്ങളും നടന്നു. ഇതിന് പുറമേ 2024 എഫ്ഐഎം ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിലും, ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിലും ഹോണ്ട റേസിങ് ഇന്ത്യ ടീം റൈഡർമാരുടെ മികച്ച പ്രകടനത്തിനും പോയമാസം സാക്ഷിയായി.



# ഫോറം ഫാഷൻ ഫേസ്ഓഫിൽ സെന്റ് തെരേസാസ് വിജയികൾ

**കൊച്ചി:** കേരളത്തിലുടനീളമുള്ള 20ലധികം കോളേജുകളെ പങ്കെടുപ്പിച്ച് ഫോറം മാൾ സംഘടിപ്പിച്ച പ്രഥമ ഫാഷൻ മേളയായ ഫോറം ഫാഷൻ ഫേസ്ഓഫിൽ സെന്റ് തെരേസാസ് ടീം വിജയികളായി. ജെഡി ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിൽ നിന്നുള്ള മിസ്.സൂര്യ, സെന്റ് തെരേസാസ് കോളേജിലെ മിസ്. മേഘ എന്നിവർ ഔട്ട്സ്റ്റാന്റിംഗ് പ്രകടനത്തിനുള്ള പ്രത്യേക പുരസ്കാരം നേടി.വിദ്യാർത്ഥികളുടെ ഫാഷൻ സങ്കൽപങ്ങൾക്ക് പൂർണത നൽകിയ ഫാഷൻ ഫേസ് ഓഫിൽ മുൻനിര ബ്രാൻഡുകളുടെ ഏറ്റവും പുതിയ ട്രെൻഡുകൾ അവതരിപ്പിക്കപ്പെട്ടു. അത്യാധുനിക ഫാഷന്റെ ഹബ്ബായി വളർന്നുവരുന്ന കേരളത്തിന്റെ പുതിയ മുഖം അനാവരണം ചെയ്യുന്നതായി വിദ്യാർഥികളുടെ അവതരണം. പത്തു കോളേജുകളാണ് ഫൈനലിൽ മാറ്റുരച്ചത്.വിജയികളായ സെന്റ് തെരേസാസ് ടീമിന് ഒന്നര ലക്ഷം രൂപയുടെ സമ്മാനമാണ് ലഭിച്ചത്. വിജയികൾക്ക് സിനിമാ താരം മഞ്ജു വാര്യർ പുരസ്കാരം സമ്മാനിച്ചു. അവാർഡ് ദാന ചടങ്ങിൽ സിനിമാ താരങ്ങളായ അമിത് ചക്കാലക്കൽ, ദീപ്തി സതി, ഫാഷൻ കൊറിയോഗ്രാഫർ ദാലു കൃഷ്ണ, ഫോറം മാൾ വൈസ് പ്രസിഡ് വിനയ് ഷേണായി, സെന്റർ ഹെഡ് സജീഷ് ചന്ദ്രൻ തുടങ്ങിയവർ ഫാഷൻ ഫേസ്ഓഫ് പങ്കെടുത്തു.

